marggam
Digital Library of Christianity in India
www.marggam.com

RESOURCES FOR RESEARCHERS

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

# Palm Sunday & Maundy Thursday
# Holy Week Liturgies
## ഓശാന ഞായർ , പെസഹാ വ്യാഴം
## വിശുദ്ധവാര കർമങ്ങൾ




AUDIO BOOK

VIDEO BOOK

PDF DOWNLOAD

FLIP BOOK

| | |
|---|---|
| Call Number | RR-890/JT |
| Title | Palm Sunday & Maundy Thursday<br>Holy Week Liturgies<br>ഓശാന ഞായർ , പെസഹാ വ്യാഴം<br>വിശുദ്ധവാര കർമങ്ങൾ |
| Topic | Palm Sunday & Maundy Thursday<br>Holy Week Liturgies |
| Author | Unknown |
| Publisher/Year | |
| Language | Malayalam |
| Copyright | Author/Publisher |
| Contributor | Joseph T.P. |
| Key Words | Palm Sunday, Maundy Thursday, holy week liturgies |

Disclaimer: Copyright to the Author/Publisher. This Extract of the book is Read Only and cannot be downloaded, copied, printed or published without the prior permission of the Author / Publisher. For more details contact us: info@thecmsindia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA




# ഓശാന ഞായർ



© J. S. Paluch Co., Inc.

# പെസഹാ വ്യാഴം

## വിശുദ്ധവാര കർമ്മങ്ങൾ

margam
Digital Library of Christianity in India
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA






# ഓശാന ഞായർ

## പ്രാരംഭ ഗീതം

ഓർശ്ലേംനഗരത്തിൻ, വാതിൽ തുറക്കുന്നു.
ഒലിവിൻ ശിഖിരങ്ങൾ, കൈകളിലുയരുന്നു
ഓശാനകളാൽ വഴിയെല്ലാം, മുഖരിതമാകുന്നു.

രാജമഹേശ്വരനാം, മിശിഹായണയുന്നു,
കഴുതക്കുട്ടിയതാ, വാഹനമാകുന്നു
തെരുവോരങ്ങളിൽ ജയ്‌വിളികൾ
മാറ്റൊലി തീർക്കുന്നു.

വാനവരോടൊപ്പം, പാടാം ഓശാന
വിനയാന്വിതരായ് നാം, നാഥനു സ്തുതിപാടാം.
സ്വർഗ മനോഹര ഭവനത്തിൽ
ചേർക്കുക ഞങ്ങളെയും.

പാതകൾ തോറും വെൺ, പട്ടു വിരിപ്പുകളും
സൈത്തിൻ കൊമ്പുകളും, നിന്നെതിരേല്പിന്നായ്
അന്നുവിരിച്ചതു പോൽ ഹൃദയം
ഞങ്ങൾ വിരിച്ചീടാം.

## സ്നേഹത്തിന്റെ കല്പന (യോഹ. 13:34-35)

**കാർമ്മി:** അന്നാപെസഹാത്തിരുനാളിൽ
കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽ ച്ചേർന്നീടാം
ഒരുമയോടി ബലിയർപ്പിക്കാം.

**സമൂഹം:** അനുരഞ്ജിതരായ് തീർന്നീടാം
നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം
തിരുമുമ്പാകെയണച്ചീടാം.

## മാലാഖമാരുടെ കീർത്തനം (ലൂക്കാ 2:14)

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും
പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പകരം ഗാനം)*

**കാർമ്മി:** അത്യുന്നതമാം സ്വർല്ലോകത്തിൽ
സർവ്വേശനു സ്തുതി ഗീതം.

**സമൂഹം:** ഭൂമിയിലെങ്ങും മർത്യനു ശാന്തി
പ്രത്യാശയു മെന്നേക്കും.

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമെ / അങ്ങയുടെ രാജ്യം വരണമെ. അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ. ഞങ്ങൾക്കു ആവശ്യകമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതെ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ. എന്തുകൊണ്ടെന്നാൽ /രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ / അങ്ങയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു / മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഉൽഘോഷിക്കുന്നു.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടുകൂടെ.

## പ്രാരംഭ പ്രാർത്ഥന

**കാർമ്മി:** മഹത്ത്വത്തിന്റെ രാജാവായ മിശിഹായേ, വിനീതനായി കഴുതക്കുട്ടിയുടെ പുറത്ത് ജറുസലെം ദൈവാലയത്തിലേക്ക് എഴുന്നള്ളിയ നിന്നെ ഞങ്ങൾ ആരാധിക്കുന്നു. നീതിമാനും പ്രതാപവാനുമായ രാജാവേ, നിനക്ക് ഓശാന പാടിയ സിയോൻ മക്കളുടെ കീർത്തനങ്ങളോടുകൂടി ഞങ്ങളുടെ പ്രാർത്ഥനകളും സ്തുതിഗീതങ്ങളും സ്വീകരിക്കണമേ. ഓശാനപാടി നിന്നെ എതിരേറ്റ ജനങ്ങളെപ്പോലെ, സ്തുതിഗീതങ്ങൾ ആലപിച്ചുകൊണ്ട് നിന്നെ എതിരേല്ക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. നിന്റെ സഹനത്തിലും മരണത്തിലും ഉത്ഥാനത്തിലും പങ്കുചേർന്ന് ഈ പെസഹാ രഹസ്യങ്ങൾ അനുഷ്ഠിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

## സങ്കീർത്തനമാല

സങ്കീർത്തനം 100

*(ഗാനം - രീതി: കർത്താവേ മമരാജാവേ...)*

വിനയാന്വിതനായ് ദൈവസുതൻ
ഓർശ്ലേംനഗരം പൂകുകയായ്
ജനനിരയെല്ലാമാഹ്ലാദം
നിറയും മനമോടെതിരേറ്റു.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



ഭൂവാസികളെ, വന്നിടുവിൻ
സ്തുതി ഗീതങ്ങൾ പാടിടുവിൻ
ഗാനാലാപന നാദങ്ങൾ
ഗഗനം മുഖരിതമാക്കട്ടെ

തിരുമുറ്റത്തേക്കണയുക നാം
നന്ദിയോടങ്ങയെ വാഴ്ത്തിടുവാൻ
കരുണാമയനാം സകലേശൻ
നിരുപമനെന്നും വിശ്വസ്തൻ

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേൻ ആമ്മേനനവരതം

വിനയാന്വിതനായ് ദൈവസുതൻ
ഓർശ്ലേംനഗരം പൂകുകയായ്
ജനനിരയെല്ലാമാഹ്ലാദം
നിറയും മനമോടെതിരേറ്റു.

### *സങ്കീർത്തനത്തിനു ശേഷം*

*(കാർമ്മികൻ ധൂപം ആശീർവ്വദിക്കുന്നു.)*

**കാർമ്മി:** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ / അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം / അങ്ങയുടെ മഹനീയ ത്രിത്വത്തിന്റെ നാമത്തിൽ + ആശീർവ്വദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും / അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ എന്നേക്കും.

**ശുശ്രൂഷി:** ആമ്മേൻ.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു നല്കിയിട്ടുള്ളതും എന്നാൽ കൃതജ്ഞത പ്രകാശിപ്പിക്കുവാൻ ഞങ്ങൾക്കു കഴിയാത്തതുമായ / എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി / സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞു മുടിചൂടിനില്ക്കുന്ന സഭയിൽ / ഞങ്ങൾ അങ്ങയെ നിരന്തരം സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങു സകലത്തിന്റെയും നാഥനും സ്രഷ്ടാവാകുന്നു / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(മദ്ബഹയുടെ വിരിനീക്കുന്നു. ശുശ്രൂഷി മദ്ബഹയിൽ പ്രവേശിച്ച് **ധൂപിക്കുന്നു**).*

### (ഉത്ഥാന ഗീതം)

*(എല്ലാവരും അൾത്താരയിലേക്കു തിരിഞ്ഞ് ശിരസ്സു നമിക്കുന്നു)*

സർവ്വാധിപനാം കർത്താവേ
നിന്നെ വണങ്ങി നമിക്കുന്നു
ഈശോ നാഥാ വിനയമൊടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്യനു നിത്യമഹോന്നതമാ
മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെ ആത്മാവി
നുത്തമരക്ഷയുമേകുന്നു.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

*(കാർമ്മികൻ ജനങ്ങൾക്കുനേരെ തിരിഞ്ഞ്)*

**കാർമ്മി:** എന്റെ കർത്താവേ നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയർപ്പിക്കുന്നവനും / ആത്മാക്കളെ രക്ഷിക്കുന്നവനും / ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ കടപ്പെട്ടവരാകുന്നു / സകലത്തിന്റെയും നാഥാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

### ത്രൈശുദ്ധ കീർത്തനം

ശബ്ദമുയർത്തിപ്പാടിടുവിൻ
സർവ്വരുമൊന്നായ് പാടിടുവിൻ
എന്നെന്നും ജീവിക്കും
സർവ്വേശ്വരനെ വാഴ്ത്തിടുവിൻ.

പരിപാവനനാം സർവ്വേശാ
പരിപാവനനാം ബലവാനേ
പരിപാവനനാം അമർത്യനേ
നിൻകൃപ ഞങ്ങൾക്കേകണമേ.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന / പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം / എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും / ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



**സമൂഹം:** ആമ്മേൻ.

## വചന ശുശ്രൂഷ

### പഴയ നിയമ വായനകൾ

***ഒന്നാം വായന (ഉല്പത്തി 49: 8-12, 22-26)***
***രണ്ടാം വായന (സഖറിയ 9: 9-12)***

**ശുശ്രൂഷി:** സഹോദരരേ നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.
**വായിക്കുന്നയാൾ:** ----- പുസ്തകത്തിൽ നിന്നുള്ള വായന.
*(കാർമ്മികനു നേരെ തിരിഞ്ഞ്)*
ഗുരോ ആശീർവ്വദിക്കണമേ.

**കാർമ്മി:** ദൈവം നിന്നെ + അനുഗ്രഹിക്കട്ടെ.

*(വായന തീരുമ്പോൾ)*
**സമൂഹം:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

**ശുശ്രൂഷി:** പ്രകീർത്തനം ആലപിക്കുവാനായി നിങ്ങൾ എഴുന്നേല്ക്കുവിൻ.

## പ്രകീർത്തനം

**കാർമ്മി:** സർവ്വചരാചരവും,
ദൈവമഹത്വത്തെ, വാഴ്ത്തിപ്പാടുന്നു.

**സമൂഹം:** തരുനിരയെല്ലാം ദൈവത്തിൻ
സ്തുതിഗീതങ്ങളുയർത്തട്ടെ.
ഓശാനകളാലീ സുദിനം
ഹല്ലേലൂയ്യാ പാടുക നാം
വാഴ്ത്തിടാം നിത്യം തിരുനാമം.

**കാർമ്മി:** തൻ മഹിമാവല്ലോ,
വാനിലുമൂഴിയിലും, തിങ്ങിവിളങ്ങുന്നു.

**സമൂഹം:** തരുനിരയെല്ലാം ദൈവത്തിൻ...

**കാർമ്മി:** ജനതകളവിടുത്തെ,
മഹിമകൾ പാടുന്നു, താണുവണങ്ങുന്നു.

**സമൂഹം:** തരുനിരയെല്ലാം ദൈവത്തിൻ...

**കാർമ്മി:** നിത്യപിതാവിനും,
സുതനും റൂഹായ്ക്കും, സ്തുതിയുണ്ടാകട്ടെ.

**സമൂഹം:** തരുനിരയെല്ലാം ദൈവത്തിൻ...

**കാർമ്മി:** ആദിയിലെപ്പോലെ,
ഇപ്പൊഴുമെപ്പോഴും, എന്നേക്കും ആമ്മേൻ.

**സമൂഹം:** തരുനിരയെല്ലാം ദൈവത്തിൻ...

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടു കൂടെ.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ / അങ്ങയുടെ ജീവദായകവും ദൈവികവുമായ / കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും / ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമെ. അതുവഴി ആത്മശരീങ്ങൾക്കുപകരിക്കുന്ന / സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും / നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും / അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

## ലേഖനം *(റോമാ 11:13-24).*

**വായിക്കുന്ന ആൾ:** സഹോദരരേ, വി. പൗലോസ് ശ്ലീഹാ റോമാക്കാർക്ക് എഴുതിയ ലേഖനം. *(കാർമ്മികനു നേരെ തിരിഞ്ഞ്)* ഗുരോ ആശീർവ്വദിക്കണമേ.

**കാർമ്മി:** മിശിഹാ + നിന്നെ അനുഗ്രഹിക്കട്ടെ.

*(ഒരു ശുശ്രൂഷി കത്തിച്ച തിരിയുമായി സമീപത്തു നില്ക്കുന്നു).*
*(വായന തീരുമ്പോൾ)*

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## ഹല്ലേലൂയ്യാ ഗീതം

ഹല്ലേലൂയ്യാ പാടാമൊന്നായ്
ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ.

എത്രമനോജ്ഞം നിൻ തിരുനാമം
കർത്താവേ ഈ ഭൂമിയിലെങ്ങും.

നിന്റെ മഹത്ത്വം വാനിനുമീതേ
കീർത്തിതമാണെന്നറിവൂ ഞങ്ങൾ

നിന്നുടെ ചിന്തയിലെത്താൻ മാത്രം
എന്തൊരുമേന്മ മനുഷ്യനിലുള്ളൂ

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ

ആദിമുതൽക്കേയിന്നും നിത്യവു
മായി ഭവിച്ചീടട്ടെ ആമ്മേൻ.

ഹല്ലേലൂയ്യാ പാടാമൊന്നായ്
ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ.

***സുവിശേഷം (മത്തായി 21:1-17)***

***പ്രസംഗം***

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



## കുരുത്തോലവെഞ്ചരിപ്പ്

**കാർമ്മി:** കർത്താവായ ദൈവമേ, നിത്യം ജീവിക്കുന്നവനായ അങ്ങേയ്ക്കും പരിശുദ്ധനായ അങ്ങയുടെ അഭിഷക്തനും ഞങ്ങൾ സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേയ്ക്കും.

**സമൂഹം:** ആമ്മേൻ.

### ഗാനം

ഓശാനപാടുവിൻ നാഥനെ വാഴ്ത്തുവിൻ
ദിവ്യാപദാനങ്ങൾ കീർത്തിക്കുവിൻ
കാഹളമൂതുവിൻ, വീണകൾ മീട്ടുവിൻ
പാവനപാദം നമിച്ചീടുവിൻ

പൂക്കൾ വിരിക്കുവിൻ വീഥിയൊരുക്കുവിൻ
വിണ്ടലനാഥനെഴുന്നള്ളുന്നു.
ആനന്ദഗാനങ്ങളെങ്ങും മുഴങ്ങട്ടെ
സൃഷ്ടികൾ നാഥനെ വാഴ്ത്തീടട്ടെ.
ഓശാനപാടുവിൻ ...

**കാർമ്മി:** ഞങ്ങളുടെ നാഥനും രക്ഷകനും രാജാധിരാജനുമായ മിശിഹായേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. ജറുസലേം പട്ടണത്തിലേയ്ക്കുള്ള ആഘോഷപൂർവ്വകമായ നിന്റെ പ്രവേശനത്തിന്റെ ഓർമ്മ കൊണ്ടാടുവാൻ ഒരുമിച്ചു കൂടിയിരിക്കുന്ന ഈ സമൂഹത്തെ തൃക്കൺ പാർക്കണമേ. സൈത്തിൻ കൊമ്പുകൾ പിടിച്ചുകൊണ്ട് നിന്നെ എതിരേറ്റവരെ അനുഗ്രഹിച്ച മിശിഹായേ, നിന്റെ വലതുകരം നീട്ടി ഈ കുരുത്തോലകൾ + ആശീർവ്വദിക്കണമേ. *(കാർമ്മികൻ ആശീർവ്വദിക്കുന്നു).* ഞങ്ങളേയും ഈ കുരുത്തോല സ്ഥാപിക്കപ്പെടുന്ന ഭവനങ്ങളെയും സ്ഥലങ്ങളേയും നിന്റെ കൃപാവരംകൊണ്ട് നിറയ്ക്കണമേ. ഓശാന പാടി ഇന്നു നിന്നെ എതിരേല്ക്കുന്ന ഞങ്ങൾ, മഹത്വപൂർണ്ണമായ നിന്റെ പ്രത്യാഗമനത്തിൽ നിന്നെ എതിരേല്ക്കുവാനും സ്വർഗ്ഗീയ ജെറുസലെമിൽ പ്രവേശിച്ച് ആനന്ദപൂർവ്വം നിന്നെ സ്തുതിക്കുവാനും അർഹരാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(കാർമ്മികൻ കുരുത്തോലയിൽ വിശുദ്ധ ജലം തളിക്കുകയും ധൂപിക്കുകയും ചെയ്യുന്നു. കുരുത്തോല വിതരണം ചെയ്യുമ്പോൾ താഴെ വരുന്ന ഗാനം ആലപിക്കുന്നു).*

### ഗീതം

ഓശാന,ഓശാന
ദാവീദിൻ സുതനോശാന ഓശാന...

കർത്താവിൻ പൂജിത നാമത്തിൽ
വന്നവനെ വാഴ്ത്തി പ്പാടിടുവിൻ:
വിണ്ണിൻപൂവേദിയിലോശാന
ദാവീദിൻ സൂനുവിനോശാന ഓശാന ...

ബാലകരും തീർത്ഥകരും
നാഥനു ജയ്ഗാനം പാടുന്നു.
പൂതുമലരും തളിരിലയും
നാഥനു ജയ്ഗാനം പാടുന്നു. ഓശാന ...

ജയ് വിളിയാൽ ചില്ലകളുണരുന്നു:
പാതകളിൽ തോരണമിളകുന്നു;
ദൈവസുതൻ വിനയവിരാജിതനായ്
അണയുന്നു നഗര കവാടത്തിൽ ഓശാന ...

വിണ്ടലവും ഭൂതലവും
മംഗള ഗീതിയിൽ മുഴുകുന്നു:
വാനവരും മാനവരും
നൂതന സന്തോഷം നുകരുന്നു. ഓശാന ...

വെൺനുരയാലാഴിയലംകൃതമായ്;
നീലിമയാലംബര വീഥികളും.
കാനനവും കാഞ്ചന പൂവനവും
നാഥനു സൗരഭ്യം പകരുന്നു. ഓശാന ...

## കുരുത്തോല പ്രദക്ഷിണം

*(കുരിശ്, ധൂപം, തിരികൾ, സുവിശേഷ ഗ്രന്ഥം എന്നിവ വഹിക്കുന്നവർ ഏറ്റം മുമ്പിലും കാർമ്മികൻ ഏറ്റം പുറകിലുമായിരിക്കണം. പ്രദക്ഷിണ സമയത്ത് താഴെക്കാണുന്ന ഗീതങ്ങൾ ആലപിക്കുന്നു).*

### ഗീതം 1

ഓശാന ഓശാന
ദാവീദിൻ സുതനോശാന ഓശാന...

സെഹിയോൻപുത്രീ, മോദം പുണരുക
നിന്നുടെ നാഥനിതാ
പ്രതാപവാനായ് വരുന്നു പൊന്നിൻ
കീർത്തന വീചികളിൽ ഓശാന....

വിനീതനായൊരു കഴുതക്കുഞ്ഞിൻ
പുറത്തെഴുന്നള്ളി
സൈത്തിൻ ചില്ലകൾ വിതറിയ വഴിയേ
വരുന്നു ദൈവസുതൻ ഓശാന....

നിരയായ് നീങ്ങും ബാലികമാരുടെ
കീർത്തന മുയരുമ്പോൾ
ബാലന്മാരുടെ കൈയിൽ ചില്ലകൾ
താളം തുള്ളുന്നു. ഓശാന.....

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



ഓശാനകളാലാഴിചലിക്കു-
ന്നംബരമുണരുന്നു;
സ്വരവീചികളാ ലവനീവാസികൾ
പുളകം കൊള്ളുന്നു. ഓശാന.....

### ഗീതം 2

ഓശാന, ഓശാന
ദാവീദിൻ സുതനോശാന.

കർത്താവിൻ തിരുനാമത്തിൽ
വന്നവനുന്നതനോശാന
ദൈവകുമാരകനോശാന
വാനവ വീഥിയിലോശാന. ഓശാന...

സൈത്തിൻ ചില്ലകൾ വിതറുകയായ്
ജയസ്വര വീചികളുയരുകയായ്
ബാലകനിരയുടെ പാണികളിൽ
ചില്ലകൾ താളം തുള്ളുകയായ്. ഓശാന....

വിനയാന്വിതനായ് ദൈവസുതൻ
വരുന്നു നഗര കവാടത്തിൽ
വാനവ മാനവ വൃന്ദങ്ങൾ
വിണ്ണിൻ നാഥനെ വാഴ്ത്തുകയായ്. ഓശാന.....

കീർത്തന വീചികളുയരുകയായ്
പാർത്തല മാർത്തു വിളിക്കുകയായ്
അംബര വീഥികളുണരുകയായ്
അംബുദ വീഥികൾ തെളിയുകയായ്. ഓശാന....

രാജാവാഗതനാകും പോൽ
രക്ഷാനായക നണയുകയായ്
വിണ്ടല നാഥനെഴുന്നള്ളും
വേളയിൽ മോദം നിറയുകയായ്. ഓശാന....

കഴുതക്കുഞ്ഞിൻ പുറമേറി-
ക്കരുണാ രൂപൻ വന്നണയും
നിമിഷങ്ങളിലാ ജനവൃന്ദം
നിർവൃതി ജയ്‌വിളിയാക്കുകയായ്. ഓശാന....

*(പ്രദക്ഷിണം ദേവാലയത്തിന്റെ അടഞ്ഞുകിടക്കുന്ന പ്രധാന കവാടത്തിലെത്തുമ്പോൾ കാർമ്മികൻ സ്വരമുയർത്തിപ്പറയുന്നു):*

**കാർമ്മി:** വാതിലുകളേ, ശിരസ്സുയർത്തുവിൻ;
നിത്യകവാടങ്ങളെ, തുറക്കുവിൻ;
മഹത്ത്വത്തിന്റെ രാജാവ് എഴുന്നള്ളുന്നു.

*(പ്രദക്ഷിണത്തിൽ സംവഹിക്കപ്പെടുന്ന കുരിശിന്റെ ചുവടുകൊണ്ട് കാർമ്മികൻ വാതിലിൽ മുട്ടുന്നു).*

**അകത്തുള്ളവർ:** ഈ മഹത്വത്തിന്റെ രാജാവ് ആരാകുന്നു?

**പുറത്തുള്ളവർ:** പ്രതാപവാനും ശക്തനുമായ
കർത്താവുതന്നെ.

*(ഇപ്രകാരം മൂന്നുപ്രാവശ്യം പറയുന്നു. മൂന്നാം പ്രാവശ്യം വാതിലിൽ മുട്ടുമ്പോൾ വാതിൽ അകത്തുനിന്നു തുറക്കുന്നു. കാർമ്മികനെയും സഹശുശ്രൂഷകരെയും അനുഗമിച്ച് എല്ലാവരും ദൈവാലയത്തിൽ പ്രവേശിക്കുന്നു).*

### ഗീതം

മഹേശ്വരാ, നിൻ സുദിനം കാണാൻ
കഴിഞ്ഞ കണ്ണിനു സൗഭാഗ്യം;
മനോജ്ഞമാം നിൻ ഗീതികൾ പാടാൻ
കഴിഞ്ഞനാവിനു സൗഭാഗ്യം

നൂറുനൂറു കണ്ണുകൾ പണ്ടേ
അടഞ്ഞു നിന്നെക്കാണാതെ:
നൂറു നൂറു മലരുകൾ പണ്ടേ
കൊഴിഞ്ഞുപോയി കണ്ണീരിൽ.

മഹേശ്വരാ.....

### കാറോസൂസ

**ശുശ്രൂ:** നമുക്കെല്ലാവർക്കും ഭക്തിയോടും സന്തോഷത്തോടുംകൂടെ നിന്ന്, വിനീതനായി ഓർശ്ലേമിൽ പ്രവേശിച്ച മിശിഹായെ ധ്യാനിച്ചുകൊണ്ട്, ***ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു*** എന്ന് ഏറ്റുപറയാം.

**സമൂ:** ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**ശുശ്രൂ:** സകല ജനപദങ്ങളും മിശിഹായെ രക്ഷകനും നാഥനുമായി അംഗീകരിക്കുവാനും ഏറ്റുപറയുവാനും ഇടയാക്കുന്ന കർത്താവേ,

**സമൂ:** ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**ശുശ്രൂ:** ഭൂമിയിൽ മിശിഹായ്ക്ക് സ്തുതിഗീതങ്ങൾ ആലപിക്കുന്ന ഞങ്ങളെ, സ്വർഗത്തിൽ അവിടുത്തെ മഹത്ത്വപ്പെടുത്തുവാൻ അനുഗ്രഹിക്കുന്ന കർത്താവേ,

**സമൂ:** ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**ശുശ്രൂ:** മിശിഹായെപ്പോലെ വിനയത്തോടും എളിമയോടുംകൂടെ ജീവിക്കുവാൻ ഞങ്ങളെ പഠിപ്പിച്ച കർത്താവേ,

**സമൂ:** ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**ശുശ്രൂ:** ഹെബ്രായ പൈതങ്ങളുടെ സ്തുതിഗീതങ്ങൾ സ്വീകരിച്ച് അവരെ അനുഗ്രഹിച്ച കർത്താവേ,

**സമൂ:** ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**ശുശ്രൂ:** ഞങ്ങളുടെ പിതാക്കന്മാരോടു ചെയ്ത വാഗ്ദാനങ്ങൾ നിറവേറ്റിയ കർത്താവേ,

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



**സമൂ:** ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**ശുശ്രൂ:** സാർവ്വത്രികസഭയുടെ തലവനും ഭരണാധികാരിയുമായ മാർ (പേര്) മാർപ്പാപ്പയെയും, ഞങ്ങളുടെ സഭയുടെ തലവനും പിതാവുമായ മാർ (പേര്) മെത്രാപ്പോലീത്തയെയും, ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ മേലധ്യക്ഷനും പിതാവുമായ മാർ (പേര്) മെത്രാനെയും അവരുടെ സഹശുശ്രൂഷികളെയും അനുഗ്രഹിക്കുകയും പാലിക്കുകയും ചെയ്യുന്ന കർത്താവേ,

**സമൂ:** ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**ശുശ്രൂ:** സ്വർഗ്ഗത്തിൽ സ്തുതിക്കപ്പെടുന്നവനും ഭൂമിയിൽ ആരാധിക്കപ്പെടുന്നവനുമായ കർത്താവേ,

**സമൂ:** ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**ശുശ്രൂ:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ:** ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമ്മി:** സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും കർത്താവും രാജാവുമായ മിശിഹായേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അങ്ങയുടെ പ്രിയപുത്രന്റെ മരണത്തിലും ഉത്ഥാനത്തിലും പങ്കുചേരാനും, മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമേ. ഭൂമിയിൽ അങ്ങേക്ക് ഓശാന ഗീതികൾ ആലപിക്കുന്ന ഞങ്ങളെ അങ്ങയുടെ മഹത്വത്തിൽ പ്രവേശിപ്പിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ:** : ആമ്മേൻ.

*(തുടർന്നുള്ള ഭാഗങ്ങൾക്ക് കുർബാന പുസ്തകം പേജ് 116 മുതൽ)*

## ദിവ്യരഹസ്യ ഗീതം

*(രീതി: മിശിഹാ കർത്താവിൻ തിരുമെയ്...)*

***കർത്താവേ, ഭൂമിയിലെങ്ങും അവിടുത്തെ നാമം എത്ര മഹനീയമാകുന്നു.***

മേഘത്തേരേറി, വന്നവനെപ്പോലെ
ബാലകർ കീർത്തിച്ചു.
ദൈവിക ഭവനം പൂകിടുവാൻ
അണയുന്നീശോ വിനയമൊടെ
ഉന്നത വീഥിയിലോശാന,
നിത്യം രക്ഷകനോശാന,
ഉന്നതനാം നാഥൻ സംപൂജ്യൻ.

***അവരുടെ നാവുകൾ മൂർച്ചയുള്ള വാളുകൾപോലെയാകുന്നു.***
മേഘത്തേരേറി, വന്നവനെപ്പോലെ ...

***കർത്താവിന്റെ നാമം സീയോനിൽ പ്രഘോഷിക്കപ്പെടും.***
മേഘത്തേരേറി, വന്നവനെപ്പോലെ ...

## ദിവ്യകാരുണ്യഗീതവും അനുഗീതവും

*(രീതി: ഹല്ലേലൂയ്യ പാടീടുന്നേൻ ...)*

ജനതകളെല്ലാമണയുക വേഗം
ദിവ്യരഹസ്യം കൈക്കൊള്ളാനായ്

മുന്നിലതാ മുറിവേറ്റ ശരീരം,
ചിന്തിയ രക്തവു മുൾക്കൊള്ളാം നാം.

പാപവിമോചനമേകം കനലിതു
ജീവിപ്പിച്ചു മർത്യരെയെല്ലാം.

ഏക സ്വരത്തിൽ വാഴ്ത്തിപ്പാടാം
വാനവരൊപ്പം ഹല്ലേലൂയ്യ.

**കാർമ്മി:** നമ്മെ ജീവിപ്പിക്കുന്ന കർത്താവീശോമിശിഹായുടെ കൃപാവരം / അവിടുത്തെ കാരുണ്യത്താൽ നാമെല്ലാവരിലും + സമ്പൂർണ്ണമാകട്ടെ *(ജനങ്ങളെ ആശീർവ്വദിക്കുന്നു).*

**സമൂഹം:** എപ്പോഴും എന്നേക്കും ആമ്മേൻ.

ഓശാനകളാൽ ബാലകരെല്ലാം
നാഥനെ വാഴ്ത്തിപ്പാടുകയായി

ദാവീദിൻ സുതനുന്നതനെന്നും
മാനവ രക്ഷക നവിടുന്നല്ലോ.

ദിവ്യ ശരീരവു മതുപോൽ രക്തവു-
മേകിയ നാഥനു നന്ദി നിതാന്തം.

## കൃതജ്ഞതാ പ്രാർത്ഥനകൾ

**കാർമ്മി:** കർത്താവായ ദൈവമേ, മിശിഹായുടെ മരണവും ഉത്ഥാനവും അനുസ്മരിക്കുന്ന ഈ പരിഹാര ബലിയിൽ പങ്കുചേരാനും ദിവ്യരഹസ്യങ്ങൾ സ്വീകരിക്കുവാനും ഇടയാക്കിയതിന് ഞങ്ങൾ അങ്ങയോടു നന്ദിപറയുന്നു. ഞങ്ങളുടെ ജീവിതസമർപ്പണംവഴി നിന്നെ മഹത്ത്വപ്പെടുത്തുവാൻ ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ:** ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

**കാർമ്മി:** ഓശാന ഗീതങ്ങളുടെ മധ്യേ ജറുസലെമിൽ പ്രവേശിച്ച കർത്താവേ, ഓശാനപാടി നിന്നെ സ്തുതിക്കുവാൻ ഞങ്ങളെയും യോഗ്യരാക്കിയതിന് ഞങ്ങൾ നിനക്കു

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



നന്ദി പറയുന്നു. നിന്റെ പെസഹാരഹസ്യത്തിൽ പങ്കുചേർന്നവരായ ഞങ്ങൾ സ്വർഗ്ഗീയ ജെറുസലെമിൽ എത്തിച്ചേരുവാനും, അവിരാമം നിന്നെ മഹത്ത്വപ്പെടുത്തുവാനും ഇടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

### സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

**കാർമ്മി:** നരരക്ഷകനും നാഥനുമായ്
ധരയിലണഞ്ഞൊരു മിശിഹായെ
നല്കിയ താതനു വന്ദനവും
സ്തുതിയുമണയ്ക്കാം സാമോദം.

എളിയൊരു കഴുതപ്പുറമേറി
വന്നൊരു രാജനെ വന്ദിക്കാൻ
ഓശാനകളാൽ വാഴ്ത്തിടുവാൻ
ഇടയാക്കണമേ റൂഹായേ.

**സമൂ:** ആമ്മേൻ.

**കാർമ്മി:** പീഢ സഹിക്കാൻ, കുരിശേറാൻ
ഓർശ്ലേം പൂകിയ തിരുനാഥൻ
ത്യാഗമോടെന്നും ജീവിക്കാൻ
നിത്യമനുഗ്രഹമരുളട്ടെ.

മന്നിതിൽ നിങ്ങൾ സ്തുതിപാടി
വിണ്ണിലുമവനെ വാഴ്ത്തിടുവാൻ
ദൈവം വരനിരചൊരിയട്ടെ +
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

**സമൂ:** ആമ്മേൻ.

*(അല്ലെങ്കിൽ)*

**കാർമ്മി:** രക്ഷകനും നാഥനുമായി തന്റെ പ്രിയപുത്രനെ ലോകത്തിലേക്കയച്ച പിതാവായ ദൈവത്തെ നമുക്കു സ്തുതിക്കാം. കഴുതപ്പുറത്ത് എഴുന്നള്ളി വിനയത്തിന്റെ മാതൃക നല്കിയ മിശിഹായെ നമുക്ക് ആരാധിക്കാം. കർത്താവിന്റെ സ്തുതികൾ ആലപിക്കുവാൻ നമ്മെ ശക്തരാക്കുന്ന പരിശുദ്ധാത്മാവിനെ നമുക്കു മഹത്ത്വപ്പെടുത്താം. പീഢകൾ സഹിക്കുവാനും കുരിശിൽ മരിക്കുവാനും ജറുസലേമിൽ പ്രവേശിച്ച കർത്താവ്, ത്യാഗങ്ങൾ സഹിച്ച് ദൈവഹിതം നിറവേറ്റുവാൻ നമ്മെ ശക്തരാക്കട്ടെ. സകലരും മിശിഹായെ രക്ഷകനും രാജാവുമായി ഏറ്റുപറയുവാൻ ഇടയാകട്ടെ. ദൈവത്തിന്റെ ജനമേ, ഭൂമിയിൽ അവിടുത്തേക്ക് ഓശാനപാടി സ്തുതിക്കുന്ന നിങ്ങൾ സ്വർഗത്തിൽ അനവരതം അവിടുത്തെ മഹത്ത്വപ്പെടുത്തുവാൻ യോഗ്യരാകട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂ:** ആമ്മേൻ.




## പെസഹാ വ്യാഴം

### പ്രാരംഭ ഗീതം

ജീവൻ പകരും നാഥാ നീ,
ജീവനു തുല്യം സ്നേഹിച്ചു
ഭുവിനെ, രക്ഷാ മാർഗ്ഗത്തിൽ
ദ്യോവിൻ ഭാഗ്യം നല്കിടുവാൻ.

നിർവൃതി നല്കാൻ സ്നേഹത്തിൻ
നിത്യത പകരും കുദാശ
സ്ഥാപിച്ചല്ലോ സെഹിയോനിൽ
ദിവ്യവിരുന്നായ് ദൈവസുതൻ.

കർത്താവന്നാ ശിഷ്യർതൻ
കാലുകൾ കഴുകീ വിനയത്താൽ
മാതൃകനല്കീ മനുജർക്കായ്
സകലരുമതുപോൽ ചെയ്തിടുവാൻ.

അന്നുമുറിച്ചവനേകിയൊരാ
ഗാത്രവു മപ്പവുമൊന്നായി
ജീവിതമതുപോലഖിലർക്കും
ഭുവിൽ മുറിയണമപ്പം പോൽ.

നിത്യവുമങ്ങേ സാന്നിധ്യം
നീക്കും നമ്മുടെ രോഗങ്ങൾ
ഔഷധമാകുന്നീയുലകിൽ
ദോഷ ഫലങ്ങൾ പോക്കിടുവാൻ.

പാപികളാകും മാനവരെ
പരിചൊടു നാഥൻ ദർശിപ്പൂ
ഓസ്തിയിൽ നിന്നതി സ്നേഹമൊടേ
നിസ്തുലമാകും കൃപയാലേ.

### സ്നേഹത്തിന്റെ കല്പന (യോഹ. 13:34-35)

**കാർമ്മി:** അന്നാപെസഹാത്തിരുനാളിൽ
കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽ ച്ചേർന്നീടാം
ഒരുമയോടി ബലിയർപ്പിക്കാം.

**സമൂഹം:** അനുരഞ്ജിതരായ് തീർന്നീടാം
നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം
തിരുമുമ്പാകെയണച്ചീടാം.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



### മാലാഖമാരുടെ കീർത്തനം (ലൂക്കാ 2:14)

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും
പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പകരം ഗാനം)*

**കാർമ്മി:** അത്യുന്നതമാം സ്വർല്ലോകത്തിൽ
സർവ്വേശനു സ്തുതി ഗീതം.

**സമൂഹം:** ഭൂമിയിലെങ്ങും മർത്യനു ശാന്തി
പ്രത്യാശയു മെന്നേക്കും.

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമെ / അങ്ങയുടെ രാജ്യം വരണമെ. അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ. ഞങ്ങൾക്കു ആവശ്യകമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതെ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ. എന്തുകൊണ്ടെന്നാൽ /രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ / അങ്ങയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു / മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഉൽഘോഷിക്കുന്നു.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടുകൂടെ.

### പ്രാരംഭ പ്രാർത്ഥന

**കാർമ്മി:** ഞങ്ങളുടെ കർത്താവായ മിശിഹായേ, ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിക്കൊണ്ട് ശുശ്രൂഷയുടെ മാതൃക കാണിക്കുകയും, പരിശുദ്ധ കുർബാന സ്ഥാപിച്ചുകൊണ്ട് സ്വന്തം ശരീരരക്തങ്ങൾ ഭക്ഷണപാനീയങ്ങളായി നല്കുകയും ചെയ്തു നിനക്കു ഞങ്ങൾ നന്ദി പറയുന്നു. സ്നേഹത്തിന്റെ കൂദാശയായി നീ സ്ഥാപിച്ചു നല്കിയ ഈ ദിവ്യരഹസ്യങ്ങൾ നിർമ്മല മന:സാക്ഷിയോടും വിശുദ്ധ വിചാരങ്ങളോടുംകൂടി അർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

### സങ്കീർത്തനമാല

സങ്കീർത്തനം -135

**കാർമ്മി:** കർത്താവിനെ നിങ്ങൾ പ്രകീർത്തിക്കുവിൻ!
അവൻ നല്ലവനാകുന്നു; അവന്റെ കാരുണ്യം അനന്തമാണ്.

**സമൂ:** കർത്താവിനെ നിങ്ങൾ പ്രകീർത്തിക്കുവിൻ!
അവൻ നല്ലവനാകുന്നു; അവന്റെ കാരുണ്യം അനന്തമാണ്.

**കാർമ്മി:** മഹോന്നതനായ ദൈവത്തെ
പ്രകീർത്തിക്കുവിൻ, അവന്റെ കാരുണ്യം അനന്തമാണ്.

**സമൂ:** കർത്താവിനെ നിങ്ങൾ പ്രകീർത്തിക്കുവിൻ
അവൻ നല്ലവനാകുന്നു. അവന്റെ കാരുണ്യം അനന്തമാണ്.

**കാർമ്മി:** നാഥന്മാരുടെ നാഥനെ പ്രകീർത്തിക്കുവിൻ
അവന്റെ കാരുണ്യം അനന്തമാണ്.

**സമൂ:** കർത്താവിനെ നിങ്ങൾ പ്രകീർത്തിക്കുവിൻ
അവൻ നല്ലവനാകുന്നു. അവന്റെ കാരുണ്യം അനന്തമാണ്.

**കാർമ്മി:** ഈജിപ്തിലെ കടിഞ്ഞൂൽ തനയരെ
സംഹരിച്ചവനെ പ്രകീർത്തിക്കുവിൻ

**സമൂ:** കർത്താവിനെ നിങ്ങൾ പ്രകീർത്തിക്കുവിൻ
അവൻ നല്ലവനാകുന്നു. അവന്റെ കാരുണ്യം അനന്തമാണ്.

**കാർമ്മി:** അവരുടെ ഇടയിൽ നിന്ന് /ഇസ്രായേൽജനത്തെ
മോചിപ്പിച്ചവനെ പ്രകീർത്തിക്കുവിൻ

**സമൂ:** കർത്താവിനെ നിങ്ങൾ പ്രകീർത്തിക്കുവിൻ
അവൻ നല്ലവനാകുന്നു. അവന്റെ കാരുണ്യം അനന്തമാണ്.

**കാർമ്മി:** കടലിനെ വിഭജിച്ചവനെ പ്രകീർത്തിക്കുവിൻ
അതിന്റെ നടുവിലൂടെ
അവരെ നയിച്ചവനെ പ്രകീർത്തിക്കുവിൻ

**സമൂ:** കർത്താവിനെ നിങ്ങൾ പ്രകീർത്തിക്കുവിൻ
അവൻ നല്ലവനാകുന്നു. അവന്റെ കാരുണ്യം അനന്തമാണ്.

**കാർമ്മി:** ഫറവോയെയും സൈന്യത്തെയും
കടലിൽ താഴ്ത്തിയവനെ പ്രകീർത്തിക്കുവിൻ

**സമൂ:** കർത്താവിനെ നിങ്ങൾ പ്രകീർത്തിക്കുവിൻ
അവൻ നല്ലവനാകുന്നു. അവന്റെ കാരുണ്യം അനന്തമാണ്.

**കാർമ്മി:** ശക്തരായ രാജാക്കന്മാരെ
നിഹനിച്ചവനെ പ്രകീർത്തിക്കുവിൻ

**സമൂ:** കർത്താവിനെ നിങ്ങൾ പ്രകീർത്തിക്കുവിൻ
അവൻ നല്ലവനാകുന്നു. അവന്റെ കാരുണ്യം അനന്തമാണ്.

**കാർമ്മി:** അവരുടെ ദേശം അവകാശമായി
ജനത്തിനേകിയവനെ പ്രകീർത്തിക്കുവിൻ

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



**സമൂ:** കർത്താവിനെ നിങ്ങൾ പ്രകീർത്തിക്കുവിൻ
അവൻ നല്ലവനാകുന്നു. അവന്റെ കാരുണ്യം അനന്തമാണ്.

**കാർമ്മി:** വൈരികളിൽ നിന്ന് രക്ഷിച്ചവനെ
പ്രകീർത്തിക്കുവിൻ

**സമൂ:** കർത്താവിനെ നിങ്ങൾ പ്രകീർത്തിക്കുവിൻ
അവൻ നല്ലവനാകുന്നു. അവന്റെ കാരുണ്യം അനന്തമാണ്.

**കാർമ്മി:** പിതാവിനും പുത്രനും
പരിശുദ്ധാത്മാവിനും സ്തുതി.

**സമൂ:** ആദിമുതൽ എന്നേക്കും, ആമ്മേൻ.

**കാർമ്മി:** ഞങ്ങളുടെ രക്ഷകനായ ദൈവമേ, ഞങ്ങളെ സഹായിക്കണമേ. അങ്ങയുടെ തിരുനാമത്തെ പ്രതി ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കുകയും ചെയ്യണമേ.

**ശുശ്രൂ:** നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** മഹോന്നതനായ കർത്താവേ, അങ്ങയുടെ ഭയഭക്തിജനകമായ പീഠത്തിന്റെയും ഉന്നതമായ ത്രോണോസിന്റെയും അലംകൃതവും സ്തുത്യർഹവുമായ സിംഹാസനത്തിന്റെയും മുമ്പാകെ, അങ്ങയുടെ ശുശ്രൂഷകന്മാരായ ക്രോവേന്മാർ ഇടവിടാതെ സ്തുതിക്കുകയും സ്രാപ്പേന്മാർ പരിശുദ്ധൻ എന്ന് നിരന്തരം ഉദ്ഘോഷിക്കുകയും ചെയ്യുന്നു. അവരോടു ചേർന്ന് ഞങ്ങളും അങ്ങേയ്ക്ക് ഭയഭക്തികളോടെ സ്തുതിയും ബഹുമാനവും കൃതജ്ഞതയും സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

### *സങ്കീർത്തനത്തിനു ശേഷം*

*(കാർമ്മികൻ ധൂപം ആശീർവ്വദിക്കുന്നു.)*

**കാർമ്മി:** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ / അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം / അങ്ങയുടെ മഹനീയ ത്രിത്വത്തിന്റെ നാമത്തിൽ + ആശീർവ്വദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും / അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ എന്നേക്കും.

**ശുശ്രൂഷി:** ആമ്മേൻ.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു നല്കിയിട്ടുള്ളതും എന്നാൽ കൃതജ്ഞത പ്രകാശിപ്പിക്കുവാൻ ഞങ്ങൾക്കു കഴിയാത്തതു മായ / എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി / സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞു മുടിചൂടിനില്ക്കുന്ന സഭയിൽ / ഞങ്ങൾ അങ്ങയെ നിരന്തരം സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങു സകലത്തിന്റെയും നാഥനും സ്രഷ്ടാവാകുന്നു / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(മദ്ബഹയുടെ വിരിനീക്കുന്നു. ശുശ്രൂഷി മദ്ബഹയിൽ പ്രവേശിച്ച് **ധൂപിക്കുന്നു**).*

### (ഉത്ഥാന ഗീതം)

*(എല്ലാവരും അൾത്താരയിലേക്കു തിരിഞ്ഞ് ശിരസ്സു നമിക്കുന്നു)*

സർവ്വാധിപനാം കർത്താവേ
നിന്നെ വണങ്ങി നമിക്കുന്നു
ഈശോ നാഥാ വിനയമൊടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്യനു നിത്യമഹോന്നതമാ
മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെ ആത്മാവി
നുത്തമരക്ഷയുമേകുന്നു.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടു കൂടെ.

*(കാർമ്മികൻ ജനങ്ങൾക്കുനേരെ തിരിഞ്ഞ്)*

**കാർമ്മി:** എന്റെ കർത്താവേ നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയർപ്പിക്കുന്നവനും / ആത്മാക്കളെ രക്ഷിക്കുന്നവനും / ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ കടപ്പെട്ടവരാകുന്നു / സകലത്തിന്റെയും നാഥാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

### ത്രൈശുദ്ധ കീർത്തനം

ശബ്ദമുയർത്തിപ്പാടിടുവിൻ
സർവ്വരുമൊന്നായിപ്പാടിടുവിൻ
എന്നെന്നും ജീവിക്കും
സർവ്വേശ്വരനെ വാഴ്ത്തിടുവിൻ.

പരിപാവനനാം സർവ്വേശാ
പരിപാവനനാം ബലവാനേ
പരിപാവനനാം അമർത്യനേ
നിൻകൃപ ഞങ്ങൾക്കേകണമേ.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടു കൂടെ.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



**കാർമ്മി:** വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന / പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം / എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും / ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

## വചന ശുശ്രൂഷ

### പഴയ നിയമ വായനകൾ

***ഒന്നാം വായന (പുറപ്പാട് 12:1-20)***
***രണ്ടാം വായന (മലാക്കി 1:10-14)***

**ശുശ്രൂഷി:** സഹോദരരേ നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.

**വായിക്കുന്നയാൾ:** ----- പുസ്തകത്തിൽ നിന്നുള്ള വായന.
*(കാർമ്മികനു നേരെ തിരിഞ്ഞ്)*
ഗുരോ ആശീർവ്വദിക്കണമേ.

**കാർമ്മി:** ദൈവം നിന്നെ + അനുഗ്രഹിക്കട്ടെ.

*(വായന തീരുമ്പോൾ)*
**സമൂഹം:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

**ശുശ്രൂഷി:** പ്രകീർത്തനം ആലപിക്കുവാനായി നിങ്ങൾ എഴുന്നേല്ക്കുവിൻ.

## പ്രകീർത്തനം

**കാർമ്മി:** സർവ്വചരാചരവും,
ദൈവമഹത്വത്തെ, വാഴ്ത്തിപ്പാടുന്നു.

**സമൂഹം:** ദിവ്യാത്മാവിൻ ഗീതികളാൽ,
ഹല്ലേലുയ്യാ ഗീതികളാൽ
കർത്താവിൻ തിരു പെസഹാതൻ
നിർമ്മലമാകുമനുസ്മരണം, കൊണ്ടാടാം,
ഇന്നീ വേദികയിൽ.

**കാർമ്മി:** തൻ മഹിമാവല്ലോ,
വാനിലുമൂഴിയിലും, തിങ്ങിവിളങ്ങുന്നു.

**സമൂഹം:** ദിവ്യാത്മാവിൻ ഗീതികളാൽ ...

**കാർമ്മി:** ജനതകളവിടുത്തെ,
മഹിമകൾ പാടുന്നു, താണുവണങ്ങുന്നു.

**സമൂഹം:** ദിവ്യാത്മാവിൻ ഗീതികളാൽ ...

**കാർമ്മി:** നിത്യപിതാവിനും,
സുതനും റൂഹായ്ക്കും, സ്തുതിയുണ്ടാകട്ടെ.

**സമൂഹം:** ദിവ്യാത്മാവിൻ ഗീതികളാൽ ...

**കാർമ്മി:** ആദിയിലെപ്പോലെ,
ഇപ്പൊഴുമെപ്പോഴും, എന്നേക്കും ആമ്മേൻ.

**സമൂഹം:** ദിവ്യാത്മാവിൻ ഗീതികളാൽ ...

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ / അങ്ങയുടെ ജീവദായകവും ദൈവികവുമായ / കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും / ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമെ. അതുവഴി ആത്മശരീരങ്ങൾക്കുപകരിക്കുന്ന / സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും / നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും / അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

## ലേഖനം *(1 കൊറി. 11:23-29).*

**വായിക്കുന്ന ആൾ:** സഹോദരരേ, വി. പൗലോസ് ശ്ലീഹാ റോമാക്കാർക്ക് എഴുതിയ ലേഖനം. *(കാർമ്മികനു നേരെ തിരിഞ്ഞ്)* ഗുരോ ആശീർവ്വദിക്കണമേ.

**കാർമ്മി:** മിശിഹാ + നിന്നെ അനുഗ്രഹിക്കട്ടെ.

*(ഒരു ശുശ്രൂഷി കത്തിച്ച തിരിയുമായി സമീപത്തു നില്ക്കുന്നു).*
*(വായന തീരുമ്പോൾ)*

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## ഹല്ലേലുയ്യാ ഗീതം

ഹല്ലേലുയ്യാ പാടാമൊന്നായ്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

ശിഷ്യന്മാരുടെ പാദം കഴുകി
സ്നേഹത്തിൻ പുതു മാതൃക നല്കി

തന്റെ ശരീരം നല്കി നമുക്കായ്
നവമൊരു ജീവൻ നമ്മിൽ പുലരാൻ.

മാതൃകയേവം കൈക്കൊണ്ടീടാൻ
വചനം നമ്മെ മാടിവിളിപ്പൂ.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ

ആദിമുതൽക്കേയിന്നും നിത്യവു
മായി ഭവിച്ചീടട്ടെ ആമ്മേൻ.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



ഹല്ലേലൂയ്യാ പാടാമൊന്നായ്
ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ.

***സുവിശേഷം (യോഹന്നാൻ 13: 1 - 14 +***
***മത്തായി 26: 26 - 30).***

***പ്രസംഗം***

### കാൽ കഴുകൽ ശുശ്രൂഷ

**ശുശ്രൂ:** നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** ഞങ്ങളുടെ കർത്താവും ഗുരുവുമായ മിശിഹായേ, അന്ത്യ അത്താഴവേളയിൽ നീ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിക്കൊണ്ട് എളിമയുടെയും ശുശ്രൂഷയുടെയും ആത്മസമർപ്പണത്തിന്റെയും മാതൃക നല്കുകയും അത് അനുകരിക്കുവാൻ ഞങ്ങളോട് ആവശ്യപ്പെടുകയും ചെയ്തുവല്ലോ. ജീവദായകമായ നിന്റെ കല്പന അനുസരിച്ചുകൊണ്ട് ഈ ശുശ്രൂഷ യഥായോഗ്യം നിർവ്വഹിക്കുവാനും പരസ്പര സ്നേഹത്തിലൂടെ ഇതിന്റെ ചൈതന്യം അനുദിന ജീവിതത്തിൽ നിലനിർത്തുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

*(സമൂഹം ഇരിക്കുന്നു. കാർമ്മികൻ കാപ്പ മാറ്റി വെള്ളക്കച്ച അരയിൽ ചുറ്റി, 12 പേരുടെ കാലുകൾ കഴുകി ചുംബിക്കുന്നു).*

#### കാൽകഴുകലിന്റെ ഗീതം

താലത്തിൽ വെള്ളമെടുത്തു
വെൺകച്ചയുമരയിൽ ചുറ്റി
മിശിഹാ തൻ ശിഷ്യന്മാരുടെ / പാദങ്ങൾ കഴുകി.

വിനയത്തിൻ മാതൃക നല്കാൻ
സ്നേഹത്തിൻ പൊൻ കൊടി നാട്ടാൻ
സകലേശൻ ദാസന്മാരുടെ / പാദങ്ങൾ കഴുകി.

സ്നേഹത്തിൻ ചിറകു വിരിഞ്ഞു
രാജാളി തെളിഞ്ഞു പറഞ്ഞു,
സ്നേഹിതരേ, നിങ്ങൾക്കിന്നൊരു / മാതൃക ഞാനേകി.

ഗുരുവെന്നു വിളിപ്പൂ നിങ്ങൾ
പരമാർത്ഥതയുണ്ടതിലെങ്കിൽ
ഗുരുനല്കിയ പാഠം നിങ്ങൾ / സാദരമോർത്തിടുവിൻ.

പാദങ്ങൾ കഴുകിയ ഗുരുവിൻ
ശിഷ്യന്മാർ നിങ്ങൾ, അതോർത്താൽ
അന്യോന്യം പാദം കഴുകാൻ / ഉത്സുകരായ് ത്തീരും.

വത്സലരേ, നിങ്ങൾക്കായ് ഞാൻ
നല്കുന്നു പുതിയൊരു നിയമം
സ്നേഹിപ്പിൻ സ്വയമെന്നതുപോൽ / അന്യോന്യം നിങ്ങൾ.

അവനിയിലെൻ ശിഷ്യഗണത്തെ-
യറിയാനുള്ളടയാളമിതാ
സ്നേഹിപ്പിൻ സ്വയമെന്നതുപോൽ / അന്യോന്യം നിങ്ങൾ.

സ്നേഹിതനെ രക്ഷിപ്പതിനായ്
ജീവൻ ബലി ചെയ്‌വതിനെക്കാൾ
ഉന്നതമാം സ്നേഹം പാർത്താൽ / മറ്റെന്തുണ്ടുലകിൽ?

ഞാനേകിയ കല്പനയെല്ലാം
പാലിച്ചു നടന്നിടുമെങ്കിൽ
നിങ്ങളിലെൻ നയനം പതിയും / സ്നേഹിതരായ് ത്തീരും.

ദാസന്മാരെന്നു വിളിക്കാ,
നിങ്ങളെ ഞാനിനിയൊരുനാളും
സ്നേഹിതരായ് ത്തീർന്നു, ചിരമെൻ / വത്സലരേ,നിങ്ങൾ.

*(കാലുകഴുകലിനു ശേഷം കാറോസൂസായോടുകൂടി കുർബാന തുടരുന്നു).*

#### കാറോസൂസ

**ശുശ്രൂ:** നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടുംകൂടി നിന്ന് ***കർത്താവേ ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ*** എന്ന് പ്രാർത്ഥിക്കാം.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ:** നാല്പതു ദിനരാത്രങ്ങൾ മരുഭൂമിയിൽ ഉപവാസത്തിലും പ്രാർത്ഥനയിലും ചെലവഴിച്ച മിശിഹായേ, തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും ചൈതന്യത്തിൽ ജീവിക്കുവാനും പ്രാർത്ഥനാരൂപിയിൽ വളരുവാനും ഞങ്ങളെ അനുഗ്രഹിക്കണമെന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ:** ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടായ മിശിഹായേ, ഞങ്ങളുടെയും മറ്റുള്ളവരുടെയും പാപങ്ങൾക്കു പരിഹാരമനുഷ്ഠിക്കുവാൻ ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ:** ഞാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ അപ്പമാകുന്നു. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നവൻ നിത്യരക്ഷ പ്രാപിക്കും എന്നരുളിച്ചെയ്ത കർത്താവേ, നിന്റെ ശരീരരക്തങ്ങൾ സ്വീകരിച്ച് നിത്യജീവിതത്തിന് യോഗ്യരാകുവാൻ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ:** ഞാൻ ഈ ചെയ്തത് നിങ്ങൾ എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ എന്നരുളിച്ചെയ്ത കർത്താവേ, ഈ ബലിയിൽ പങ്കുചേർന്ന് നിന്റെ രക്ഷാകരസ്നേഹം നിരന്തരം അനുഭവിക്കുവാൻ ഞങ്ങളെ സഹായിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ:** ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി വിനയത്തിന്റെയും ആത്മസമർപ്പണത്തിന്റെയും മാതൃക നല്കിയ കർത്താവേ, ഞങ്ങളുടെ സഹോദരങ്ങളെ എളിമയോടെ ശുശ്രൂഷിക്കുവാൻ ഞങ്ങളെ ശക്തരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ:** നിങ്ങൾ പരസ്പരം പാദങ്ങൾ കഴുകുവിൻ എന്നരുളിച്ചെയ്ത കർത്താവേ, വിനയത്തിന്റെയും ശൂന്യവത്കരണത്തിന്റെയും ജീവിതം നയിക്കുവാൻ ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ:** ഒരേ അപ്പത്തിൽനിന്നു ഭക്ഷിക്കുകയും ഒരേ പാനപാത്രത്തിൽനിന്നു പാനം ചെയ്യുകയും ചെയ്യുന്ന ഞങ്ങൾ സ്നേഹത്തിലും ഐക്യത്തിലും ജീവിക്കുവാൻ ഇടവരുത്തണമെന്ന് നിന്നോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ:** ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ എന്ന കല്പന നല്കിയ കർത്താവേ, അന്യോന്യം സ്നേഹിച്ചുകൊണ്ട് നിന്റെ ശിഷ്യർക്ക് ഉചിതമായ ജീവിതം നയിക്കുവാൻ ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ:** പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും മാർഗ്ഗത്തിൽ ഞങ്ങളെ നയിക്കുവാൻ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ തലവനും പിതാവുമായ മാർ (പേര്) മെത്രാപ്പോലീത്തയെയും ഞങ്ങളുടെ അതിരൂപതാദ്ധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തയെയും ഞങ്ങളുടെ മേലദ്ധ്യക്ഷനും പിതാവുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയ നന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ:** നമുക്കെല്ലാവർക്കും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ:** ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമ്മി:** അങ്ങയുടെ ഏകപുത്രനെ പെസഹാക്കുഞ്ഞാടായി ഞങ്ങൾക്കു നല്കിയ പിതാവായ ദൈവമേ, ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. അങ്ങയുടെ മഹനീയമായ ഈ ദാനം പരസ്പര സ്നേഹത്തിൽ ജീവിക്കുവാൻ ഞങ്ങളെ ശക്തരാക്കട്ടെ. അവിടുത്തെ തിരുശ്ശരീരരക്തങ്ങൾ ഞങ്ങൾക്ക് നിത്യസൗഭാഗ്യത്തിന് കാരണമായിത്തീരുകയും ചെയ്യട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

*(തുടർന്നുള്ള ഭാഗങ്ങൾക്ക് കുർബാന പുസ്തകം പേജ് 116 മുതൽ)*

### ദിവ്യരഹസ്യ ഗീതം

*(രീതി: മിശിഹാ കർത്താവിൻ തിരുമെയ്...)*

***വരുവിൻ നമുക്കു കർത്താവിനെ വാഴ്ത്താം.***

കുരിശിൻ ഭീകരമാം, പീഡകളേറ്റിടുവാൻ
പോകുകയായ് നാഥൻ.
പാവനമാം ബലി വേദികയിൽ
കാണ്മൂ ദിവ്യ രഹസ്യങ്ങൾ
നാമിന്നീശോ മിശിഹാ തൻ
ബലിതൻ ഓർമ്മയിൽ മുഴുകുന്നു.
വാഴ്ത്തീടാം വിണ്ണിൻ ദാനങ്ങൾ.

***കർത്താവിനെ പ്രതീക്ഷിച്ച് അവനിൽ പ്രത്യാശയർപ്പിക്കുവിൻ.***

കുരിശിൻ ഭീകരമാം, പീഡകളേറ്റിടുവാൻ ...

### ദിവ്യകാരുണ്യഗീതവും അനുഗീതവും

*(രീതി: ഹല്ലേലൂയ്യ പാടീടുന്നേൻ ...)*

പീഡകളേറ്റു മിശിഹാനാഥൻ
പാപികളാകും മർത്യർക്കായി.

നല്കുകയായീ തിരുനാഥൻ തൻ
മാംസവുമതുപോൽ രക്തവുമിപ്പോൾ.

പാപവിമോചന ചിന്തകളോടേ
കൈക്കൊള്ളുക നാം ദിവ്യ രഹസ്യം.

**കാർമ്മി:** നമ്മെ ജീവിപ്പിക്കുന്ന കർത്താവീശോമിശിഹായുടെ കൃപാവരം / അവിടുത്തെ കാരുണ്യത്താൽ നാമെല്ലാവരിലും + സമ്പൂർണ്ണമാകട്ടെ *(ജനങ്ങളെ ആശീർവ്വദിക്കുന്നു).*

**സമൂഹം:** എപ്പോഴും എന്നേക്കും ആമ്മേൻ.

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

പാവനമാകും പെസഹാ രഹസ്യം
പൂർത്തീകൃതമായ് ഈ സുദിനത്തിൽ.

പെസഹാ മേഷം ദൈവ കുമാരൻ
പാരിതിനേകി ദിവ്യശരീരം.

കൈക്കൊള്ളുക നാമാത്തിരു ഗാത്രം
തിരുനിണമൊപ്പം, വിനയാന്വിതരായ്.

### കൃതജ്ഞതാ പ്രാർത്ഥനകൾ

**കാർമ്മി:** കർത്താവായ ദൈവമേ, അങ്ങയുടെ തിരുവചനം ശ്രവിക്കുവാനും കീർത്തനങ്ങൾ ആലപിച്ചുകൊണ്ട് അങ്ങയെ സ്തുതിക്കുവാനും അങ്ങ് ഞങ്ങളെ യോഗ്യരാക്കി. ഞങ്ങൾക്കായി അങ്ങ് ഒരുക്കിയിരിക്കുന്ന സ്വർഗ്ഗഭാഗ്യം അനുഭവിച്ച് അങ്ങയെ അനവരതം പാടിപ്പുകഴ്ത്താൻ ഞങ്ങൾ അർഹരാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ:** ആമ്മേൻ. കർത്താവേ, ആശീർവ്വദിക്കണമേ.

**കാർമ്മി:** ഞങ്ങളുടെ നാഥനും രക്ഷകനുമായ മിശിഹായേ, നിന്റെ കുരിശുമരണത്താൽ ഞങ്ങളുടെ പാപങ്ങൾ മോചിക്കുകയും തിരുശ്ശരീരരക്തങ്ങളാൽ ഞങ്ങളെ സമ്പന്നരാക്കുകയും ചെയ്തു. നിന്നോടൊത്തു നിത്യം വസിക്കുവാൻ ഈ ദിവ്യകൂദാശ ഞങ്ങൾക്ക് കാരണമായിത്തീരട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

### സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

**കാർമ്മി:** സ്നേഹപിതാവാം സകലേശൻ
പാപികളാകും മർത്യർക്കായ്
പാരിലയച്ചു കനിവോടെ
ഏക കുമാരൻ മിശിഹായെ

ജീവൻ നല്കാൻ സ്ഥാപിച്ചു
പരിപൂജിതമാം കുർബാന,
വരദാനങ്ങൾ ചൊരിയുന്നു
പാവനരൂപൻ ദിവ്യാത്മൻ.

**സമൂ:** ആമ്മേൻ.

**കാർമ്മി:** ശിഷ്യന്മാരുടെ പാദങ്ങൾ
കഴുകിയ നാഥൻ നല്കിയതാം
മാതൃകപോലെ സകലർക്കും
സേവനമെന്നും ചെയ്തിടുവിൻ.

ദിവ്യശരീരവുമതുപോലെ
രക്തവുമേകിയ തിരുനാഥൻ
ദിവ്യാനുഗ്രഹമരുളട്ടെ +
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

**സമൂ:** ആമ്മേൻ.

***(അല്ലെങ്കിൽ)***

**കാർമ്മി:** തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം, പാപികളായ നമ്മെ സ്നേഹിച്ച പിതാവായ ദൈവത്തെ നമുക്കു സ്തുതിക്കാം. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ, എന്നിലും ഞാൻ അവനിലും വസിക്കും, എന്നരുളിച്ചെയ്യുകയും സ്നേഹത്തിന്റെ നിത്യസ്മാരകമായി വിശുദ്ധ കുർബാന സ്ഥാപിക്കുകയും ചെയ്ത രക്ഷകനായ മിശിഹായെ നമുക്കു വാഴ്ത്താം. വരപ്രസാദങ്ങൾ ചൊരിഞ്ഞുകൊണ്ട്, നമ്മിൽ നിരന്തരം വസിക്കുന്ന പരിശുദ്ധാത്മാവിന് നന്ദി പറയാം. ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയ മിശിഹായെ അനുകരിച്ച് സഹോദരങ്ങൾക്കും സേവനം ചെയ്യുവാനും, ദൈവത്തെ പ്രീതിപ്പെടുത്തുവാനും അവിടുന്നു നമ്മെ ശക്തരാക്കട്ടെ. നാം സ്വീകരിച്ച തിരുശരീരരക്തങ്ങൾ നമുക്കു നിത്യജീവന്റെ അച്ചാരമായിരിക്കട്ടെ. ഇന്നത്തെ തിരുക്കർമ്മങ്ങളിൽ സംബന്ധിച്ച നിങ്ങളെല്ലാവരെയും സർവശക്തനായ ദൈവം അനുഗ്രഹിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂ:** ആമ്മേൻ.

*(വിശുദ്ധ കുർബാന സ്വീകരണശേഷം കുർബ്ബാന ചെറിയ അൾത്താരയിലേയ്ക്ക് ആഘോഷമായി കൊണ്ടുപോകുന്നു).*

മിശിഹാ കർത്താവേ, മാനവ രക്ഷകനേ
നരനുവി മോചനമേകിടുവാൻ
നരനായ് വന്നു പിറന്നവനേ. മിശിഹാ ...

മാലാഖമാരൊത്തു ഞങ്ങൾ, പാടിപ്പുകഴ്ത്തുന്നു നിന്നെ - 2
പരിശുദ്ധൻ പരിശുദ്ധൻ, കർത്താവേ നീ പരിശുദ്ധൻ - 2
മിശിഹാ ...

*(ധൂപാർപ്പണം).*

*(സമാപന ആശിർവാദത്തിനു ശേഷം അൾത്താര നഗ്നമാക്കുന്നു).*

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

marggam

Digital Library of Christianity in India

www.marggam.com

**An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India**

Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org